**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4923** **14-11-2019 ൽ മറുപടിക്ക്**

**നാഗഞ്ചേരിമന വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിന് കിടപ്പാടം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ശ്രീ. എ.എൻ. വാസുദേവൻ നമ്പൂതിരി, നാഗഞ്ചേരിമന, അല്ലപ്ര, പെരുമ്പാവൂർ എന്നയാൾ തിരുവനന്തപുരം ജില്ലയിൽ തൈക്കാട് വില്ലേജിലെ 63 സെന്റ് സ്ഥലം ലഭിക്കുവാനായി ആവശ്യപ്പെട്ട റവന്യൂ വകുപ്പിലെ 80383/U1/96 നമ്പർ ഫയലിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരം വ്യക്തമാക്കാമോ; | (എ) ഇതു സംബന്ധിച്ച ഫയൽ സെക്ഷനിൽ ലഭ്യമല്ലാത്തതാണ്. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഭൂമി നഷ്ടപ്പെട്ട അദ്ദേഹത്തിന്റെ കുടുംബത്തിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി ഭൂമി നൽകുവാനുള്ള നടപടികളൊന്നും നിലവിലില്ലാത്തതാണ്. |
| (ബി) ഭൂപരിഷ്കരണ നിയമത്തിനുശേഷം മുഴുവൻ ഭൂമിയും നഷ്ടപ്പെട്ട ശ്രീ.എ.എൻ. വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിന് ഏതെങ്കിലും പദ്ധതിയിൽ പ്പെടുത്തി കിടപ്പാടം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ശ്രീ. എ.എൻ. വാസുദേവൻ നമ്പൂതിരിയുടെ കുടുംബത്തിൽ നിന്നും ഭൂമി ലഭ്യമാക്കാനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് നിയമാനുസൃതം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**